(സി) പദ്ധതി പ്രകാരം വൈദ്യുതി ഉപഭോഗത്തിലുണ്ടായ യൂണിറ്റിന്റെ ലാഭമാണ് കണക്കാക്കിയത്. 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 2280750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2014 മാർച്ച് 1 മുതൽ മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 2 കാമ്പയിൻ പീരിയഡിൽ മാർച്ചിൽ 10.77% അധിക വൈദ്യുതി ഉപഭോഗമാണ് ഉണ്ടായിരുന്നത്. എന്നാൽ മേയ് മാസത്തിൽ അത് 8.02 ശതമാനമായി കുറയുകയും 9.47 ദശലക്ഷം യൂണിറ്റ് രേഖപ്പെടുത്തുകയും ചെയ്തു.

(ഡി) ഫെബ്രുവരി വരെയുള്ള വൈദ്യുതിബില്ലും അതിനുശേഷമുള്ള വൈദ്യുതി ബില്ലും തമ്മിൽ താരതമ്യപ്പെടുത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

(ഇ) സമ്മാന വിതരണത്തിലുണ്ടായ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ചു നടപ്പിലാക്കാൻ അതാത് സർക്കിൾ ഓഫീസുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇടുക്കി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

25(2063) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇടുക്കി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിക്കാനായി നടത്തിയ പ്രവർത്തികളുടെ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം 2016 ജനുവരി 31 വരെ നൽകിയ പുതിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം സെക്ഷൻ ഓഫീസ് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടുക്കി നിയോജക മണ്ഡലത്തിൽ 11389 ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ സാധിച്ചു. 99 ട്രാൻസ്ഫോർമറുകൾ 99.18 കിലോമീറ്റർ 11 കെ.വി. ലൈൻ, 172 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ സ്ഥാപിക്കാനും 112.84 കിലോമീറ്റർ സിങ്കിൾ ഫേസ് ലൈൻ ത്രീഫേസ് ആക്കുവാനും സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെക്ഷൻ തിരിച്ചുള്ള കണക്ക് താഴെ നൽകിയിരിക്കുന്നു:

സെക്ഷൻ ഓഫീസിന്റെ പേര്	കണക്ഷനുകളുടെ എണ്ണം
ഇരട്ടയാർ	1364
മുരിക്കശ്ശേരി	1280
കാഞ്ചിയാർ	363
കട്ടപ്പന	4021
പൈനാവ്	1822
കഞ്ഞിക്കുഴി	1268
മൂലമറ്റം	211
കമ്പിളികണ്ടം	1060
ആകെ	11389

ഊർജ്ജ മേഖല കൈവരിച്ച നേട്ടങ്ങൾ

26(2064) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ മേഖല കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജോത്പാദനത്തിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ വ്യക്തമാക്കുമോ;

(സി) കെ.എസ്.ഇ.ബി.-യുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മസ്ദൂർ, ലൈൻമാൻ, ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പാരമ്പര്യ-പാരമ്പര്യേതര ഊർജ്ജോത്പാദനം ഉൾപ്പെടെ ഊർജ്ജ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ അനുബന്ധംആയി നൽകിയിട്ടുണ്ട് *.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly